**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ - നിലവിൽ പെൻഷൻ വാങ്ങുന്നവരുടെ അർഹതാമാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**സ.ഉ.(എം എസ്) നം. 278/2018/ധന. തീയതി, തിരുവനന്തപുരം, 03/08/2018**

---

പരാമർശം :- 1) 21/06/2018 ലെ ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്സ്
2) 25/05/2017 ലെ 460587/2017/ധന നമ്പർ സർക്കുലർ
3) 06/11/2017 ലെ സ.ഉ (എം എസ്) നം.483/2017/ധന നമ്പർ സർക്കാർ ഉത്തരവ്
4) 06/07/2018 ലെ സ.ഉ (എം എസ്) നം.241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് ചില മാനദണ്ഡങ്ങൾ കൂടി ഉൾക്കൊള്ളിക്കുമെന്ന് 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമേ അധികമായി ചില മാനദണ്ഡങ്ങൾ കൂടി പരാമർശം (4) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (i) മുതൽ (iv) പ്രകാരം ഉൾപ്പെടുത്തുകയുണ്ടായി. ഇത്തരത്തിൽ പുതുതായി ഉൾപ്പെടുത്തിയ അർഹതാമാനദണ്ഡങ്ങൾ പുതിയ പെൻഷൻ അപേക്ഷകർക്കാണ് ബാധകമാകുന്നതെന്നും ഉത്തരവായിരുന്നു. എന്നാൽ നിലവിൽ പെൻഷൻ വാങ്ങിവരുന്ന ഗുണഭോക്താക്കളിൽ അനേകം പേർ വളരെ വില കൂടിയതും 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനങ്ങളും സ്വന്തമായുള്ളവരാണെന്നും ഇത്തരകാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും അനുവദിക്കുന്നത് സാമൂഹ്യ സുരക്ഷാ പെൻഷന്റെ ഉദ്ദേശ്യത്തെ തന്നെ സാധൂകരിക്കുന്നതല്ല എന്നുമുള്ള വിവരങ്ങൾ സർക്കാരിൽ ലഭിച്ച്കൊണ്ടിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പെൻഷൻ ലഭിച്ച്കൊണ്ടിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് ചുവടെ ചേർത്തിരിക്കുന്ന അർഹതാ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, 4 ചക്രവാഹനങ്ങൾ സ്വന്തമായുള്ള ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്ന് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. അത്തരക്കാരെ ഡേറ്റാ ബേസിൽ

നിന്ന് ഒഴിവാക്കാൻ അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(ii) 4 ചക്രത്തിൽ കൂടുതൽ ചക്രങ്ങളുള്ള വാഹനങ്ങളുടെ (ലോറി, ബസ്, ടെംമ്പോ ട്രാവലർ തുടങ്ങിയവ) ഉടമകൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്ന് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(iii) അംബാസിഡർ കാർ ഉത്പാദനം നിർത്തിയിട്ട് നിരവധി വാർഷങ്ങളായ സാഹചര്യത്തിൽ അംബാസിഡർ കാർ ഉടമകളെ പെൻഷൻ വാങ്ങുവാൻ അനുവദിക്കുന്നു.

3) നിലവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ മുൻ ഖണ്ഡിക 2(i), (ii) വിഭാഗത്തിൽപ്പെടുന്നവരെ കണ്ടെത്തി ഡേറ്റാ ബേസിൽ നിന്ന് അടിയന്തരമായി ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

4) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പെൻഷൻ വാങ്ങിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് അടിയന്തരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

5) ഇത്തരത്തിൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നതിനെ സംബന്ധിച്ച പരാതികൾ ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന അദാലത്തിൽ പരിശോധിക്കുന്നതാണ്. അദാലത്തിന്റെ വിശദാംശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

6) പരാമർശം (4) ലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

7) പരാമർശം (4) ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഷർമിള മേരി ജോസഫ് ഐ എ എസ്**

**ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ദേശിയ സമ്പാദ്യ പദ്ധതി, തിരുവനന്തപുരം

ഡയറക്ടർ, ഗ്രാമ വികസന വകുപ്പ്

രജിസ്ട്രാർ, സഹകരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഐ ടി മിഷൻ

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ദേശിയ സമ്പാദ്യ പദ്ധതിയിലെ എല്ലാ അസ്സിസ്റ്റന്റ്/ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ മുഖാന്തിരം)

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ